# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2235: 26/03/2013- ൽ മറുപടിക്ക്**

## ബയർ സെല്ലർ മീറ്റ്

**ചോദ്യം** **ഉത്തരം**

**ശ്രീ. വർക്കല കഹാർ :**
**" പി. എ. മാധവൻ:**
**" ലൂഡി ലൂയിസ്:**
**" ആർ. സെൽവരാജ്:**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ബയർ സെല്ലർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ ശക്തിപ്പെടുത്താൻ മീറ്റ് എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പൊതുമേഖല സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ബയർ സെല്ലർ മീറ്റുകൾ നടത്തുക വഴി സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് പൊതുമേഖല സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങളെപ്പറ്റി അറിയുവാനും, അവ നൽകുന്നതിനുള്ള നടപടി ക്രമങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനും അതു വഴി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി കണ്ടെത്തുവാനും സാധിക്കും. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഈ മീറ്റുമായി സഹകരിച്ചത് ; വിശദമാക്കുമോ; | (സി) | വ്യവസായ വാണിജ്യ വകുപ്പിന വേണ്ടി കിൻഫ്ര, കെ.എസ്.ഐ.ഡി.സി, കെ.എസ്.എസ്.ഐ.എ എന്നി ഏജൻസികളുമായി സഹകരിച്ച് കെ-ബിപ്പ് മുഖേനയാണ് മേൽപ്പറഞ്ഞ ബയർ സെല്ലർ മീറ്റുകൾ സംഘടിപ്പിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് മീറ്റ് വഴി നേടിയിട്ടുള്ളത്? | (ഡി) | സംസ്ഥാനത്തെ ഒരു വ്യാവസായിക ഉദ്പാദക സംസ്ഥാനമായി എടുത്തുകാട്ടുവാനും സംരംഭകർക്ക് അവർക്കനുയോജ്യമായ വ്യവസായ രംഗങ്ങൾ കണ്ടെത്തുവാനും. വ്യാവസായികൾക്ക് പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് മനസ്സിലാക്കുവാനും. യന്ത്ര സാമഗ്രി ഉത്പാദകർ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവകളുമായി ചർച്ച നടത്തുവാനും. ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നുമുള്ള വ്യവസായികളും സംഘടനകളുമായി വ്യാപാര ബന്ധം സ്ഥാപിക്കുവാനും, വിവിധ തരം വ്യാവസായിക ഉത്പന്നങ്ങളെക്കുറിച്ച് മനസ്സിലാക്കുവാനും. സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ മനസ്സിലാക്കി അവ പരിഹരിച്ച് മുന്നേറുവാനുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുകയാണ് ഇത്തരം മീറ്റുകളുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ